ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 28.10.2025** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. രാജ്യത്ത് കേരളം ഉൾപ്പെടെ 12 ഇടങ്ങളിൽ രണ്ടാം ഘട്ട തീവ്ര വോട്ടർ പട്ടിക പരിഷ്കരണ നടപടികൾക്ക് ഇന്നു തുടക്കം. അന്തിമ വോട്ടർ പട്ടിക ഫെബ്രുവരി ഏഴിന്.

   **Second phase of SIR of electoral rolls from today in 12 states and UTs including Kerala. Final list of voters to be out on February 7.**

2. ന്യൂഡെൽഹിയിൽ എട്ടാമത് അന്താരാഷ്ട്ര സോളാർ അലയൻസ് അസംബ്ലിയിൽ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് മുഖ്യപ്രഭാഷണം നടത്തും.

   **President Droupadi Murmu will deliver the keynote address the International Solar Alliance Assembly in New Delhi today.**

3. വികസിത് ഭാരത് ക്വിസ് മത്സരത്തിൽ പങ്കെടുക്കാൻ രാജ്യത്തെ യുവജനങ്ങളോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **PM Modi urges youth to participate in Viksit Bharat quiz.**

4. മൊൻത തീവ്ര ചുഴലിക്കാറ്റായി മാറാൻ സാധ്യത. ആന്ധ്രാപ്രദേശ്, യാനം, തെക്കൻ ഒഡീഷ തീരങ്ങൾ, ഛത്തീസ്ഗഢ് എന്നിവിടങ്ങളിൽ ബുധനാഴ്ച വരെ ചുവപ്പ് ജാഗ്രത.

   **Cycloninc storm Montha may intensify into severe cyclonic Storm today. Red alert issued for Andhra Pradesh, Yanam, south Odisha coasts and Chhattisgarh till Wednesday.**

5. കേരളം – തമിഴ്നാട് - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും കർണാടക തീരത്ത് വെള്ളിയാഴ്ച വരെയും മത്സ്യബന്ധനത്തിന് വിലക്ക്.

**Fishing activities banned in Kerala, TN, Lakshadweep coasts today and in Karnataka upto Friday.**

6. സംസ്ഥാന സ്കൂൾ കായിക മേള ഇന്ന് സമാപിക്കും. സമാപന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ മുഖ്യാതിഥിയാവും.

**State School Sports Meet ends today. Governor Rajendra Viswanath Arlerkar will be the chief guest.**

✠✠✠✠✠✠✠✠✠✠✠✠✠

## EC -SIR (INTRO)

കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 12 ഇടങ്ങളിൽ രണ്ടാം ഘട്ട തീവ്ര വോട്ടർ പട്ടിക പരിഷ്കരണം നടപ്പാക്കുമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. ഇതുമായി ബന്ധപ്പെട്ട നടപടികൾ ഇന്ന് ആരംഭിച്ച് 2026 ഫെബ്രുവരി ഏഴിന് അവസാനിക്കും.

വിശദാംശങ്ങളിലേക്ക് ......

*(വോയിസ്)*

*ആൻഡമാൻ നിക്കോബാർ ദ്വീപുകൾ, ലക്ഷദ്വീപ്, ഛത്തീസ്ഗഡ്, ഗോവ, ഗുജറാത്ത്, കേരളം, മധ്യപ്രദേശ്, പുതുച്ചേരി, രാജസ്ഥാൻ, തമിഴ്നാട്, ഉത്തർപ്രദേശ്, പശ്ചിമ ബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമാണ് തീവ്ര വോട്ടർ പട്ടിക പരിഷ്കരണം രണ്ടാം ഘട്ടത്തിൽ നടപ്പിലാക്കുന്നത്. വോട്ടർ പട്ടിക തെറ്റില്ലാത്തതും സുതാര്യവുമായിരിക്കാനാണ് പരിഷ്കരണമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ പറഞ്ഞു. രണ്ടാം ഘട്ടത്തിൽ 51 കോടി വോട്ടർമാരെ ഉൾപ്പെടുത്തുമെന്നും*

*അദ്ദേഹം അറിയിച്ചു. ഫോമുകളുടെ അച്ചടിയും ബൂത്ത് ലെവൽ ഓഫീസർമാരുടെ പരിശീലനവും ഇന്ന് മുതൽ ആരംഭിക്കും. പേരു ചേർക്കൽ നടപടികൾ നവംബർ 4 മുതൽ ഡിസംബർ 4 വരെ നടക്കും. ഡിസംബർ 9 ന് കരട് പട്ടികയും ഫെബ്രുവരി 7 ന് അന്തിമ വോട്ടർ പട്ടികയും പ്രസിദ്ധീകരിക്കും.*

*ന്യൂസ് ഡെസ്ക് ആകാശവാണി...*

**********************************

## SIR-STATE

തീവ്ര വോട്ടർ പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഇന്ന് പ്രത്യേക യോഗങ്ങൾ നടക്കും. ജില്ലാ കളക്ടർമാരുടെ യോഗവും ഇലക്ട്രൽ രജിസ്ട്രേഷൻ ഓഫീസർമാരുടെ വീഡിയോ കോൺഫറൻസും ഇന്ന് നടക്കുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു. അതേസമയം അംഗീകൃത രാഷ്ട്രീയ പാർട്ടികളുടെ യോഗം നാളെ 11 മണിക്ക് നടക്കും. ഉച്ചയ്ക്ക് ശേഷം മാധ്യമപ്രവർത്തകരുടെ യോഗവും വിളിച്ചിട്ടുണ്ട്.

**********************************

## MORN. PRESIDENT- ISA

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് എട്ടാമത് അന്താരാഷ്ട്ര സോളാർ അലയൻസ് അസംബ്ലിയിൽ മുഖ്യപ്രഭാഷണം നടത്തും. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന പരിപാടിയിൽ കേന്ദ്ര മന്ത്രി പ്രൽഹാദ് ജോഷി ഐഎസ്എയുടെ ഉദ്ഘാടന സമ്മേളനത്തെ അഭിസംബോധന ചെയ്യും. നാല് ദിവസത്തെ ആഗോള പരിപാടിയിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള 40-ലധികം മന്ത്രിമാർ പങ്കെടുക്കും. ശോഭനവും സുസ്ഥിരവുമായ ഭാവിക്കായി അന്താരാഷ്ട്ര സഹകരണം കൂടുതൽ ആഴത്തിലാക്കാനും എല്ലാവർക്കും താങ്ങാനാവുന്ന

വിലയിൽ സൗരോർജ്ജം എന്ന ലക്ഷ്യത്തിലേക്കുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുവാനും 124 രാജ്യങ്ങൾ പങ്കെടുക്കുന്ന സമ്മേളനം ഊന്നൽ നൽകും.

**********************************

## PM-VBYLD

വികസിത് ഭാരത് ക്വിസ് മത്സരത്തിൽ പങ്കെടുക്കാൻ രാജ്യത്തെ യുവജനങ്ങളോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. രാഷ്ട്രനിർമ്മാണത്തിന് സംഭാവന നൽകാനുള്ള മികച്ച അവസരമാണ് വികസിത് ഭാരത് യംഗ് ലീഡേഴ്സ് ഡയലോഗ് 2.0 എന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. യുവതയുടെ ആശയങ്ങളും ഉൾക്കാഴ്ചകളും വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഈ മാസം 31 വരെ ക്വിസ് മത്സരത്തിൽ പങ്കെടുക്കാം.

**********************************

## PM- MUMBAI VISIT

മുംബൈയിൽ നടക്കുന്ന മാരിടൈം ലീഡേഴ്സ് കോൺക്ലേവിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ അഭിസംബോധന ചെയ്യും. ഷിപ്പിംഗ്, തുറമുഖങ്ങൾ, കപ്പൽ നിർമ്മാണം, ക്രൂയിസ് ടൂറിസം, നീല സമ്പദ്‌വ്യവസ്ഥ എന്നിവയിലെ പ്രമുഖ പങ്കാളികളെ ഒന്നിച്ചു കൊണ്ടുവരുന്നതിനാണ് കോൺക്ലേവ് സംഘടിപ്പിച്ചിരിക്കുന്നത്. പരിപാടിയിൽ 85 ലധികം രാജ്യങ്ങളിൽ നിന്നുള്ള ഒരു ലക്ഷത്തിലധികം പ്രതിനിധികൾ പങ്കെടുക്കും. മാരിടൈം അമൃത് കാൽ വിഷൻ 2047 മായി സംയോജിപ്പിച്ചുകൊണ്ടുള്ള സമുദ്ര പരിവർത്തനത്തിനായുള്ള ആഴത്തിലുള്ള പ്രതിബദ്ധതയാണ് പ്രധാനമന്ത്രിയുടെ പങ്കാളിത്തം പ്രതിഫലിപ്പിക്കുന്നത്. ഇന്ത്യ

മാരിടൈം വീക്ക് 2025 ലെ ഗ്ലോബൽ മാരിടൈം സിഇഒ ഫോറത്തിലും അദ്ദേഹം അധ്യക്ഷത വഹിക്കും.

**********************************

## CYCLONIC STORM -MONTHA

ബംഗാൾ ഉൾക്കടലിൽ രൂപം കൊണ്ട മൊൻതാ ചുഴലിക്കാറ്റ് മണിക്കൂറിൽ 15 കിലോമീറ്റർ വേഗതയിൽ ചെന്നൈയിൽ നിന്ന് ഏകദേശം 420 കിലോമീറ്റർ കിഴക്ക് കേന്ദ്രീകരിച്ചിരിക്കുന്നതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇത് ഇന്ന് വടക്ക് പടിഞ്ഞാറേക്ക് നീങ്ങി തീവ്ര ചുഴലിക്കാറ്റായി മാറാൻ സാധ്യതയുള്ളതിനാൽ ആന്ധ്രാപ്രദേശ്, യാനം, തെക്കൻ ഒഡീഷ തീരങ്ങൾ, ഛത്തീസ്ഗഢ് എന്നിവിടങ്ങളിൽ നാളെ വരെ ചുവപ്പ് ജാഗ്രത നൽകിയിട്ടുണ്ട്. റായലസീമ, തമിഴ്നാട്, പുതുച്ചേരി, കാരക്കൽ, തെലങ്കാന എന്നിവിടങ്ങളിൽ ഇന്ന് കനത്ത മഴക്ക് സാധ്യതയുണ്ട്. ആന്ധ്രാപ്രദേശിലെ കാക്കിനടയ്ക്ക് സമീപം ഇന്ന് രാത്രി കൊടുങ്കാറ്റ് തീരം കടക്കും. മുൻകരുതൽ നടപടികളുടെ ഭാഗമായി, ഇന്ന് ഉച്ചയ്ക്ക് 12 മണി മുതൽ മദ്യശാലകൾ, വാണിജ്യ സ്ഥാപനങ്ങൾ, എന്നിവ അടച്ചിടാൻ യാനം പ്രാദേശിക ഭരണകൂടം ഉത്തരവിട്ടു. നാളെ വരെ പ്രദേശത്ത് മത്സ്യബന്ധനത്തിനു വിലക്കേർപ്പെടുത്തിയിട്ടുണ്ട്. അതേസമയം ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി എൻ. ചന്ദ്രബാബു നായിഡുവുമായി സ്ഥിതിഗതികൾ ചർച്ച ചെയ്ത പ്രധാനമന്ത്രി നരേന്ദ്ര മോദി കേന്ദ്ര പിന്തുണ വാഗ്ദാനം ചെയ്തു. ഒഡീഷയിൽ കൊടുങ്കാറ്റിനെ നേരിടുന്നതിനായി താഴ്ന്ന പ്രദേശങ്ങളിൽ താമസിക്കുന്നവരെ സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറ്റിപാർപ്പിക്കുന്ന നടപടികൾ ഉൾപ്പെടെ ശക്തമാക്കിയിട്ടുണ്ട്.

**********************************

## RAIN-KERALA

കേരളത്തിന്റെ വടക്കൻ ജില്ലകളിൽ ഇന്നു മഴയുടെ ശക്തി കുറയും. അതേസമയം തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി എന്നീ ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ ശക്തമായ മഴ തുടരുന്നതിനാൽ ജില്ലയിലെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു. എന്നാൽ മുൻകൂട്ടി നിശ്ചയിച്ച പരീക്ഷകൾക്കും അഭിമുഖങ്ങൾക്കും ജില്ലാ ശാസ്ത്രമേളക്കും മാറ്റം ഉണ്ടായിരിക്കില്ല. മൂന്നാർ ഗ്യാപ് റോഡിലൂടെയുള്ള രാത്രി യാത്രയും അടിമാലി - കൂമ്പൻപാറ ഭാഗത്തെ എൻ.എച്ച് 85ലൂടെയുള്ള യാത്രയും നിരോധിച്ചിരിക്കുകയാണ്. കേരളം-തമിഴ്നാട്- ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും കർണാടക തീരത്ത് വെള്ളിയാഴ്ച വരെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

*********************************

## GST

കഴിഞ്ഞ മാസം 22-ന് പ്രാബല്യത്തിൽ വന്ന പുതുക്കിയ ജിഎസ്ടി പരിഷ്ക്കരണം രാജ്യത്തുടനീളമുള്ള പൗരന്മാർക്ക് പ്രയോജനപ്രദമായി മാറിക്കഴിഞ്ഞു. ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങളായ എയർ കണ്ടീഷണറുകൾ, ഡിഷ് വാഷറുകൾ, ടെലിവിഷനുകൾ എന്നിവയുടെ നികുതി നിരക്കുകൾ 28 ശതമാനത്തിൽ നിന്ന് 18 ശതമാനമാക്കിയത് ആഭ്യന്തര ഇലക്ട്രോണിക്സ് നിർമ്മാണം വർദ്ധിപ്പിക്കുകയും ഇറക്കുമതിയെ ആശ്രയിക്കുന്നത് കുറയ്ക്കുകയും ചെയ്യു. ഇലക്ട്രോണിക് ഹാർഡ്‌വെയറുകളുടെ നികുതി നിരക്ക് 18 ശതമാനമാക്കി കുറച്ചതോടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഓഫീസുകൾക്കും ഡിജിറ്റൽ പഠന കേന്ദ്രങ്ങൾക്കുമുൾപ്പെടെ ഹാർഡ്‌വെയർ ഉൽപ്പന്നങ്ങൾ ഇപ്പോൾ താങ്ങാനാവുന്ന വിലയിൽ ലഭ്യമാണ്.

*********************************

## NAVY DAY (INTRO)

ഈ വർഷത്തെ നാവിക സേനാ ദിനാഘോഷങ്ങളോടനുബന്ധിച്ച് ഡിസംബർ നാലിന് തിരുവനന്തപുരം ശംഖുമുഖത്ത് സംഘടിപ്പിക്കുന്ന നാവിക അഭ്യാസ പ്രകടനങ്ങൾ വീക്ഷിക്കാൻ എല്ലാവർക്കും അവസരൊരുക്കുമെന്ന് കേരളത്തിലെ നേവൽ ഓഫീസർ ഇൻ ചാർജ്ജ് കമഡോർ വർഗീസ് മാത്യു തിരുവനന്തപുരത്ത് ആകാശവാണി വാർത്തകളോട് സംസാരിക്കവെ വ്യക്തമാക്കി.

(ഹോൾഡ് വോയിസ് )

നാവികദിന പരിപാടികൾ പ്രധാന നാവിക കേന്ദ്രങ്ങൾക്കു പുറത്ത് സംഘടിപ്പിക്കുന്നതിന്റെ ഭാഗമായാണ് തിരുവനന്തപുരത്ത് അഭ്യാസ പ്രകടനങ്ങൾ നടത്തുന്നതെന്നും അദ്ദേഹം പറഞ്ഞു. അടുത്ത മാസം 8 മുതൽ 11 വരെ കൊച്ചിയിൽ കപ്പൽ സന്ദർശനം ഉൾപ്പെടെ പൊതുജങ്ങൾക്കായി വിവിധ പരിപാടികൾ ഒരുക്കിയിട്ടുണ്ട്. നവംബർ 26 ന് തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ നേവി ബാൻഡ് ഷോയും ഉണ്ടാകും.

**********************************

## INS - IKSHAK

ഇന്ത്യൻ നാവിക സേനയുടെ തദ്ദേശീയമായി നിർമിച്ച ഏറ്റവും വലിയ സർവേ കപ്പലായ ഇക്ഷക് നവംബർ ആറിന് കൊച്ചി ദക്ഷിണ നാവിക കമാൻഡ് ആസ്ഥാനത്ത് കമ്മീഷൻ ചെയ്യും. നാവികസേനാ മേധാവി അഡ്മിറൽ ദിനേശ്. കെ. ത്രിപാഠി ചടങ്ങിൽ അധ്യക്ഷനാകും. കൊൽക്കത്തയിലെ ഗാർഡൻ റീച്ച് ഷിപ്പ് ബിൽഡേഴ്സ് & എഞ്ചിനീയേഴ്സിലാണ് കപ്പലിന്റെ നിർമാണം പൂർത്തിയാക്കിയത്. ദുരന്ത നിവാരണ സംവിധാനമായും അടിയന്തര ഘട്ടങ്ങളിൽ ആശുപത്രി കപ്പലായും ഇക്ഷക് പ്രവർത്തിക്കും. വനിതാ

ഉദ്യോഗസ്ഥർക്കായി പ്രത്യേക താമസ സൗകര്യമൊരുക്കിയ ആദ്യത്തെ വലിയ സർവേ കപ്പൽകൂടിയാണ് ഇക്ഷക്.

*********************************

## GEORGE KURIAN-KASARGOD

കാസർഗോഡ് കേന്ദ്ര സർവ്വകലാശാലയുടെ പുതിയ അക്കാദമിക്ക് ബ്ലോക്കിന് വ്യാഴാഴ്ച കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ തറക്കല്ലിടും. കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രാലയം - പ്രധാനമന്ത്രി ജൻ വികാസ് കാര്യ പദ്ധതിയിൽ ഉൾപ്പെടുത്തി 53 കോടി രൂപയോളം പുതിയ അക്കാദമിക്ക് ബ്ലോക്ക് നിർമ്മാണത്തിന് അനുവദിച്ചതായി രജിസ്ട്രാർ ഇൻ ചാർജ്ജ് ആർ. ജയ പ്രകാശ് അറിയിച്ചു.

*********************************

## SCHOOL SPORTS MEET

67 ആമത് സംസ്ഥാന സ്കൂൾ കായിക മേള ഇന്ന് സമാപിക്കും. വൈകുന്നേരം 4 മണിക്ക് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നടക്കുന്ന സമാപന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ മുഖ്യാതിഥിയാവും. മുഖ്യമന്ത്രിയുടെ പേരിലുള്ള സ്വർണ്ണക്കപ്പ് ഓവറോൾ ചാമ്പ്യൻമാരാകുന്ന ജില്ലയ്ക്ക് ചടങ്ങിൽ സമ്മാനിക്കും. മേളയിൽ ആതിഥേയരായ തിരുവനന്തപുരം ജില്ല കിരീടം ഉറപ്പിച്ചു. 1810 പോയിന്റുമായാണ് തിരുവനന്തപുരം ഒന്നാം സ്ഥാനത്ത് തുടരുന്നത്. 202 സ്വർണ്ണം, 145 വെള്ളി, 170 വെങ്കലം എന്നിവ നേടിയാണ് തലസ്ഥാന ജില്ല മുന്നേറ്റം തുടരുന്നത്. 871 പോയിന്റുമായി തൃശൂർ രണ്ടാമതും 843 പോയിന്റുമായി കണ്ണൂർ മൂന്നാമതുമാണ്. 789 പോയിന്റുമായി പാലക്കാട് നാലാമതുണ്ട്. സ്കൂൾ കായികമേളയുടെ സമാപന ദിവസമായ ഇന്ന് ഉച്ചയ്ക്കു ശേഷം തിരുവനന്തപുരം വിദ്യാഭ്യാസ ജില്ലയുടെ പരിധിയിലുള്ള സ്കൂളുകൾക്ക് അവധി പ്രഖ്യാപിച്ചു.

*

********

************************************************************